# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6736** **09.11.2016 ൽ മറുപടിയ്ക്ക്**

## സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ. കുഞ്ഞിരാമൻ** | | **ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ ധനസഹായ തുക അനുവദിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ ധനസഹായ തുക അനുവദിച്ചു. സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾക്ക് 129.50 കോടി രൂപയും സർക്കാർ ധനസഹായ തുക അനുവദിച്ചു. |
| (ബി) | പ്രസ്തുത ധനസഹായ തുക ലഭിക്കുന്നതിന് തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്ക് എത്ര കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലാ സഹകരണ ബാങ്കുകളുടെ കണക്ക് അറിയാമോ ; | (സി) | സംസ്ഥാന സഹകരണ ബാങ്കോ, ജില്ലാ സഹകരണ ബാങ്കുകളോ ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടില്ല. പ്രാഥമിക സഹകരണ സംഘങ്ങൾ 2,11,06,80,339/- രൂപ ഈ പദ്ധതി പ്രകാരം ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി പ്രകാരം സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും എത്ര രൂപ അനുവദിക്കാൻ ബാക്കിയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ജില്ലാ സഹകരണ ബാങ്കുകൾക്ക് അനുവദിച്ച 129.50 കോടി രൂപ സർക്കാരിനു വേണ്ടി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾക്ക് 2013-14 വർഷത്തിൽ നൽകിയിട്ടുണ്ട്. മേൽ ഇനത്തിൽ സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്ത വകയിൽ 23.101 കോടിരൂപയും സർക്കാർ സംസ്ഥാന സഹകരണ ബാങ്കിന് അനുവദിക്കാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ